**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **03-02-2026 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മഞ്ഞപ്രയിലെ പ്രശ്നപരിഹാര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന പ്രശ്ന പരിഹാരത്തിനായി 10.9.2024 ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പതിനാലാം സമ്മേളനത്തിൽ 8.10.2025-ലെ നക്ഷത്ര ചിഹ്നം ഇല്ലാത്ത 3516 നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് അങ്കമാലി എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ മഞ്ഞപ്ര പഞ്ചായത്താഫീസിനോട് ചേർന്ന് കിടക്കുന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം, ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിനോടനുബന്ധമായി ചെയ്യേണ്ട വർക്കുകൾ സംബന്ധിച്ചും ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു. നിയമസഭാംഗം ശിപാർശ ചെയ്തിട്ടുള്ളത് ടൈൽ വിരിക്കുന്ന പ്രവൃത്തി മാത്രമായതിനാലും മറ്റ് ആസ്തിവികസനമൊന്നും അതിന്റെ കൂടെ ശിപാർശ ചെയ്തിട്ടില്ലാത്തതിനാലും ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ച് വരുകയുമാണ്.<br><br>എം.എൽ.എയുടെ വികസന ഫണ്ട് വിനിയോഗിച്ച് ഇന്റർ ലോക്ക് ടൈൽ വിരിക്കുന്ന പ്രവൃത്തിയുടെ കൂടെ മറ്റ് ആസ്തിവികസനമൊന്നും ശിപാർശ ചെയ്തിട്ടില്ലാത്തതിനാൽ ടി വിഷയം സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമുള്ള സാഹചര്യത്തിലാണ് തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ബി) | നിയമസഭാ അംഗം മണ്ഡലത്തിലെ ജനകീയ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ട് 17 മാസമായിട്ടും മറുപടി നൽകാതിരിക്കുക, അതിന്മേൽ നടപടി സ്വീകരിക്കാതിരിക്കുക, അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാതിരിക്കുക എന്നതിന്റെ കാരണം | (ബി) | അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് അങ്കമാലി എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; ഇതിന്റെ യഥാർത്ഥ വസ്തുത റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടേയോ റവന്യൂ വകുപ്പ് മന്ത്രിയുടേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിലെ ആവശ്യവും അതിന്മേൽ ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | | ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ മഞ്ചപ്ര പഞ്ചായത്താഫീസിനോട് ചേർന്ന് കിടക്കുന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം, ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിനോടനുബന്ധമായി ചെയ്യേണ്ട വർക്കുകൾ സംബന്ധിച്ചും ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു. നിയമസഭാംഗം ശിപാർശ ചെയ്തിട്ടുള്ളത് ടൈൽ വിരിക്കുന്ന പ്രവൃത്തി മാത്രമായതിനാലും മറ്റ് ആസ്തിവികസനമൊന്നും അതിന്റെ കൂടെ ശിപാർശ ചെയ്തിട്ടില്ലാത്തതിനാലും ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചു വരുകയുമാണ്.<br><br>എം.എൽ.എയുടെ വികസന ഫണ്ട് വിനിയോഗിച്ച് ഇന്റർ ലോക്ക് ടൈൽ വിരിക്കുന്ന പ്രവൃത്തിയുടെ കൂടെ മറ്റ് ആസ്തിവികസനമൊന്നും ശിപാർശ ചെയ്തിട്ടില്ലാത്തതിനാൽ ടി വിഷയം സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമുള്ള സാഹചര്യത്തിലാണ് തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) | പ്രസ്തുത വിഷയത്തിൽ നിയമസഭാംഗം നൽകിയ കത്തിന്റേയും ജില്ലാകളക്ടർ നൽകിയ റിപ്പോർട്ടിന്റേയും പകർപ്പ് ലഭ്യമാക്കുമോ? | (സി) | പ്രസ്തുത വിഷയത്തിൽ നിയമസഭാംഗം നൽകിയ കത്തിന്റെയും ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെയും പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

റോജി എം. ജോൺ
(അങ്കമാലി)
മെമ്പർ
കേരള നിയമസഭ
കല്ലുപാലം റോഡ്
അങ്കമാലി-683 572

ഓഫീസ് : 0484-2459900
എം. എൽ. എ. ഹോസ്റ്റൽ : 0471-2512238
മൊബൈൽ : 9971392134
നിള ബ്ലോക്ക്-71,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം
ഇ-മെയിൽ: rojimjohnmla@gmail.com

AC (LA) - urgent!
10/9/2024

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം കൈപ്പറ്റി 12 SEP 2024 തിരുവനന്തപുരം

സ്ഥലം: അങ്കമാലി

തീയതി: 10.09.2024

പ്രിയപ്പെട്ട ലാന്റ് റവന്യു കമ്മീഷണർ,

വിഷയം: എറണാകുളം ജില്ലയിൽ അങ്കമാലി നിയോജകമണ്ലത്തിൽ മഞ്ഞപ്ര പഞ്ചായത്താഫീസിനോട് ചേർന്ന് കിടക്കുന്ന റവന്യു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും, പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കിടക്കുന്ന സ്ഥലവും പൊതുജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ തറ ലെവൽ ചെയ്ത് ഇന്റർലോക്ക് വിരിച്ച് വൃത്തിയാക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച്

പരാമർശം: (1). ഗ്രാമപഞ്ചായത്തിന്റെ തീരുമാനം
(2). പൊതുജനങ്ങളിൽ നിന്നുള്ള ആവശ്യം

മേൽ വിഷത്തിൽ ശ്രദ്ധ ക്ഷണിക്കുന്നു. മഞ്ഞപ്ര വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടം കാലപ്പഴക്കം കൊണ്ട് ശോചനീയ അവസ്ഥയിൽ ആയതിനാൽ പുതിയ മന്ദിരം പണിത് വില്ലേജോഫീസിന്റെ പ്രവർത്തനം മാറ്റുകയുണ്ടായി. എന്നാൽ പഴയ മന്ദിരം ജീർണ്ണിച്ച് അപകടാവസ്ഥയിൽ തന്നെ നീക്കം ചെയ്യാതെ നിൽക്കുന്നു. പഴയ മന്ദിരത്തിനോട് ചേർന്ന് മരം ഉണങ്ങി ശിഖിരങ്ങൾ കാറ്റിൽ ഒടിഞ്ഞ് വീണ് ചുറ്റും കാട് പിടിച്ച്, ഇഴജന്തുക്കളുടേയും, സാമൂഹ്യവിരുദ്ധരുടേയും താവളമായി മാറിയ അവസ്ഥയാണ്. ഈ കെട്ടിടം മഞ്ഞപ്ര പഞ്ചായത്തിനോട് ചേർന്നുള്ള 4 റോഡുകൾ സംഗമിക്കുന്ന ചന്ദ്രപ്പുര ജംഗ്ഷനിലാണ്. വളരെ തിരക്കേറിയതും, ട്രാഫിക് കുരുക്കും നേരിടുന്ന ജംഗ്ഷനാണ് ഇത്. പഞ്ചായത്തിന്റേയും, പൊതുജനങ്ങളുടേയും പൊതുവിലുള്ള ആവശ്യം എം.എൽ.എയുടെ വികസന ഫണ്ട് വിനിയോഗിച്ച് ജംഗ്ഷനിൽ കാട് പിടിച്ച് കിടക്കുന്ന പഞ്ചാത്ത് വക സ്ഥലത്തും, ജീർണ്ണിച്ചതും ജനങ്ങൾക്ക് അപകടകരമായി സ്ഥിതി ചെയ്യുന്ന പഴയ വില്ലേജ് ഓഫീസ് കെട്ടിടവും പൊളിച്ച് നീക്കി ടൈൽ വിരിച്ച് കുറച്ച് വാഹനം പാർക്കിങ്ങിനും, ബാക്കി ഭാഗം ആളുകൾക്ക് ഇരിക്കാൻ സൗകര്യത്തിൽ ഒരുക്കി ജംഗ്ഷൻ മനോഹരമാക്കണമെന്നാണ്. റവന്യു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പൂർണ്ണമായും എല്ലാ അർത്ഥത്തിലും ഉടമസ്ഥാവകാശവും കൈവശാവകാശവും റവന്യു വകുപ്പിൽ നിലനിർത്തി ഭാവിയിൽ ഉണ്ടാകുന്ന വികസനത്തിന് വകുപ്പുകൾക്ക് തടസ്സം വരാത്ത രീതീയിൽ എം.എൽ.എ ഫണ്ട് വിനിയോഗിച്ച് കട്ട വിരിച്ച്, പൊതുജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ ജംഗ്ഷനിൽ കാലത്തിനൊത്ത മാറ്റം വരുത്തുന്നതിന് ആവശ്യമായ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിന് അഭ്യർത്ഥിക്കുന്നു. പട്ടണത്തിന്റെ ഹൃദയഭാഗത്ത് സർക്കാർ ഭൂമി കാട് പിടിച്ച് ഇഴജന്തുക്കൾ വിഹരിച്ച് കിടക്കുന്നത് പൊതുജനത്തിന് ഉണ്ടാകുന്ന പ്രയാസവും ബുദ്ധിമുട്ടും ആശങ്കയും വലുതാണ്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ജില്ലാകളക്ടറോട് പരിശോധിച്ച് പ്രായോഗിക നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം,

റോജി എം. ജോൺ എം.എൽ.എ

കളക്ടറേറ്റ് എറണാകുളം,
സിവിൽ സ്റ്റേഷൻ ബിൽഡിംഗ്, കാക്കനാട് - 682030
ഇമെയിൽ : nodalofficerekm.rev@kerala.gov.in
e-Office CRU ID : cru.dcekm@kerala.gov.in

| | |
|---|---|
| DCEKM/2784/2025-A6 | Date : 05-08-2025 |

പ്രേഷകൻ,

ജില്ലാ കളക്ടർ, എറണാകുളം

സ്വീകർത്താവ്,

ലാൻഡ് റവന്യൂ കമ്മീഷണർ
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം

സർ / മാഡം,

വിഷയം: എറണാകുളം ജില്ലയിൽ മഞ്ഞപ്ര പഞ്ചായത്ത് ആഫീസിനോട് ചേർന്നുള്ള സ്ഥലം ഇന്റർലോക്ക് വിരിച്ച് വൃത്തിയാക്കുന്നത് - റിപ്പോർട്ട് സംബന്ധിച്ച്

സൂചന: 1. അങ്ങയുടെ 24/02/2025 തീയതിയിലെ LR/9025/2024-LR(J7) നമ്പർ കത്ത്.

2.ആലുവ തഹസിൽദാരുടെ 04/08/2025 തീയതിയിലെ സി2-734/2025 നമ്പർ കത്ത്.

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മഞ്ഞപ്ര പഞ്ചായത്ത് ആഫീസിനോട് ചേർന്നുള്ള സ്ഥലം ഇന്റർലോക്ക് വിരിച്ച് വൃത്തിയാക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്.

മഞ്ഞപ്ര വില്ലേജ് ഓഫീസ്, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കൃഷിഭവൻ, മഞ്ഞപ്ര ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നീ സർക്കാർ കാര്യാലയങ്ങൾ പ്രവർത്തിച്ചു വരുന്ന മിനി സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന റവന്യൂ പുറമ്പോക്ക് ഭൂമി മഞ്ഞപ്ര വില്ലേജ് ബ്ലോക്ക് 20 സർവ്വെ 472/11 ൽ 28.80 ആർ വിസ്തീർണം വരുന്നതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

നിലവിൽ ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പഴയ വില്ലേജ് ഓഫീസ് കെട്ടിടം ജീർണാവസ്ഥയിലാണുള്ളത്. കൂടാതെ പബ്ലിക് ടോയലെറ്റിന് സമീപമായി നിൽക്കുന്ന ഉദ്ദേശം 2.5 മീറ്റർ വണ്ണവും 10 മീറ്റർ ഉയരവുമുള്ള മഴമരത്തിന്റെ ശിഖരങ്ങൾ പൂർണമായും സിവിൽ സ്റ്റേഷൻ കെട്ടിടത്തിനു മുകളിലേയ്ക്ക് ചാഞ്ഞു

കിടക്കുന്നതിനാലും ടി വൃക്ഷം പൊതുജനങ്ങൾക്കും സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ സ്ഥായിയായ ഭീഷണിയുയർത്തുന്ന സാഹചര്യത്തിലും സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിനു മുൻപായി ടി വൃക്ഷം പൂർണമായും വെട്ടി നീക്കേണ്ടതായും കൂടാതെ ജീർണാവസ്ഥയിലുള്ള പഴയ വില്ലേജ് കെട്ടിടവും പൊളിച്ചു നീക്കേണ്ടതായും കാണുന്നു.

പകുതി പൊളിച്ചിട്ടിരിക്കുന്ന വില്ലേജ് കോമ്പൗണ്ട് മതിലും, അഴിച്ചു മാറ്റി വച്ചിരിക്കുന്ന ഗെയ്റ്റും, കാരണം സിവിൽ സ്റ്റേഷൻ കോമ്പൗണ്ട് നിലവിൽ യാതൊരു സുരക്ഷിതത്വവുമില്ലാത്തതും സാമൂഹ്യവിരുദ്ധരുടെ താവളവുമായി മാറിയിരിക്കുകയാണ് എന്നും അധികസമയം ജോലി ചെയ്യുന്നതിനോ അവധി ദിവസങ്ങളിൽ മേലുദ്യോഗസ്ഥരുടെ അനുവാദത്തോടെ ഡ്യൂട്ടി ചെയ്യുന്നതിനോ പറ്റാത്ത വിധം സാമൂഹ്യവിരുദ്ധരും മദ്യമയക്കുമരുന്നു മാഫിയക്കാരും അവരുടെ വിഹാരസ്ഥലമാക്കി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം കോമ്പൗണ്ട് മതിൽ കെട്ടിയടക്കേണ്ടതും സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിന് ഗേറ്റ് പുനസ്ഥാപിക്കേണ്ടതുമാണ്.

സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന 4 സർക്കാർ കാര്യാലയങ്ങളിലെയും ജീവനക്കാർക്ക് അവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ സാധിക്കാത്ത വിധം പബ്ലിക്കിന്റെ വാഹനങ്ങൾ പാർക്കു ചെയ്തിരിക്കുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത് എന്നും മേൽ സാഹചര്യത്തിൽ സിവിൽ സ്റ്റേഷൻ ജീവനക്കാർക്കായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഷെഡ്ഡ് നിർമ്മിക്കേണ്ടതായും കൂടാതെ മലയോര വില്ലേജ് അയ്യമ്പുഴ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലേയ്ക്ക് HRMS മുഖേന ഡ്യൂട്ടിക്കായി വരുന്ന ജീവനക്കാർക്കായി ഒരു റവന്യൂ ക്വാർട്ടേഴ്സും പ്രകൃതിക്ഷോഭ ഇലക്ഷൻ ആവശ്യങ്ങളിലേയ്ക്കായി ഒരു റവന്യൂ ഷെൽട്ടർ ഹോമും ഈ കോമ്പൗണ്ടിൽ നിർമ്മിക്കുന്നതിന് സാധ്യമാണ്.

മേൽ സംഗതികൾ കൂടി ഉൾപ്പെടുത്തി ഇന്റർ ലോക്ക് ടൈൽ വിരിക്കുന്നതിന് നടപടി ഉണ്ടാകുന്നതിലേക്കായി ടി വിവരം തുടർനടപടികൾക്കുമായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ

**VINOD RAJ**

**DEPUTY COLLECTOR**

ഉത്തരവിൻ പ്രകാരം

ജില്ലാകളക്ടർക്കുവേണ്ടി

---

*This document is electronically approved in e-Office by* VINOD RAJ *on* 05-08-2025. *Hence it does not require signature in ink.*